## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **05-07-2022 - ൽ മറുപടിയ്ക്ക്**

## കാർഷിക വൃത്തിക്ക് കരുത്ത് പകരുന്ന നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ആവർത്തിക്കപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന കണക്ക് ലഭ്യമാണോ ; | (എ) | **സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്തതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 29 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയെല്ലാം കാർഷിക കാരണങ്ങളാലുള്ള ആത്മഹത്യ ആണെന്ന് സ്ഥിരീകരിച്ചിട്ടില്ല.** |
| (ബി) | കാർഷിക കലണ്ടർ കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി പരിഷ്കരിച്ചും ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചും വിത്ത്, വിള സംഭരണത്തിന് സംവിധാനമൊരുക്കിയും കാർഷിക വൃത്തിക്ക് കരുത്തുപകരുന്ന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ബി) | കാർഷിക വൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും ഭക്ഷ്യസുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി ഓരോ അഗ്രോ എക്കോളജിക്കൽ സോണിനും യോജിക്കുന്ന കാർഷിക വിളക്രമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) ആസൂത്രണ വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോല്പാദന പദ്ധതി തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ |

| | | | |
|---|---|---|---|
| | | | പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ കൈവശഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിലൂടെയും കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വഴി വിളനാശം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ടുഭൂമിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ സാധ്യമാകും. ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന കാർഷികവിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും വിവിധ ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണം പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക. രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പ്രോഗ്രാം മുഖേന വിത്ത് സംഭരണത്തിനും വിവിധ തലത്തിലുള്ള കാർഷിക വിപണികളിലൂടെ വിളസംഭരണത്തിനായും പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | തൊഴിലാളികളുടെ അഭാവം മൂലവും മറ്റും കൃഷി ചെയ്യാൻ സാധിക്കാതെ നിലവിൽ തരിശുകിടക്കുന്ന റബ്ബർ എസ്റ്റേറ്റുകൾ ഉൾപ്പെടെയുള്ളവ ഏറ്റെടുത്ത് കൃഷി നടത്തി ഭൂവുടമകൾക്ക് ലാഭവിഹിതം നൽകുവാൻ കഴിയുന്ന രീതിയിൽ ടാപ്പേഴ്സ് ബാങ്ക്, ലേബർ ബാങ്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | തൊഴിലാളികളുടെ അഭാവം മൂലവും മറ്റും തരിശിടുന്ന കൃഷിഭൂമികൾ മറ്റ് കർഷകർക്കോ കർഷക ഗ്രൂപ്പുകൾക്കോ പാട്ടത്തിനെടുത്ത് കൃഷി ചെയ്യാവുന്നതാണ്. സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഭൂഉടമ സ്വന്തമായി കൃഷി ചെയ്യാതിരിക്കുകയും എന്നാൽ കൃഷി ചെയ്യുന്നതിന് ഭൂമി വിട്ടുനല്കാൻ സന്നദ്ധത അറിയിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുമെന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത്, നഗരസഭ, ഭൂഉടമ, കൃഷി ചെയ്യുന്നവർ തമ്മിൽ ധാരണയുണ്ടാക്കി ഉടമയ്ക്കുള്ള പ്രതിഫലം കൂടി ധാരണയാക്കി നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ കൃഷിഭൂമി തരിശിടാതെ പൂർണമായും വിനിയോഗിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് "**ഞങ്ങളും കൃഷിയിലേക്ക്**" എന്ന ജനകീയ ക്യാമ്പയിൻ പരിപാടിക്ക് രൂപം കൊടുത്തിരിക്കുന്നത്. ഈ പദ്ധതി പ്രകാരം രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങൾ മുഖേന തരിശു കൃഷി ഭൂമി മുഴുവനും കൃഷിക്കായി ഉപയോഗിക്കുന്നതിന് സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | റബർ കൃഷിക്ക് വേണ്ട സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ റബർ ബോർഡ് മുഖേനയാണ് നൽകി വരുന്നത്. ടാപ്പേഴ്സ് ബാങ്ക്, റബർ തോട്ടങ്ങൾക്ക് മാത്രമായി ലേബർ ബാങ്ക് മുതലായ പദ്ധതികൾ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽ ഇപ്പോൾ ആലോചിച്ചിട്ടില്ല. നിലവിൽ കൃഷി വകുപ്പിന് കീഴിലുള്ള കാർഷിക കർമ്മ സേന, കൃഷിശ്രീ സെന്ററുകൾ എന്നിവയെ ഇക്കാര്യത്തിൽ പ്രാദേശികമായി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ